TUESDAY 23.04.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/04/2024

1. സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ പദ്ധതിയിൽ ഒരു യംഗ് പ്രൊഫഷണൽ 2 ന് വേണ്ടി 2024, ഏപ്രിൽ 30-ാം തിയതി ഒരു എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തുന്നു. താത്കാലിക നിയമനം. പ്രായ പരിധി ഏപ്രിൽ 30-ാം തിയതി 21-45 വയസ്സ് (നിയമാനുസൃതമായ ഇളവുകൾ ബാധകം). കൂടുതൽ വിവരങ്ങൾക്ക് www.kvkalappuzha.icar.gov.in അല്ലെങ്കിൽ www.cpcri.icar.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. താത്പര്യമുള്ളവർ 2024, ഏപ്രിൽ 23-ാം തിയതിയ്ക്കുള്ളിൽ 0479-2959268, 2449268, 9447790268 എന്നീ ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

2. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനെടുക്കാൻ കണക്ഷനെടുക്കുന്ന ആളിന്റെ തിരിച്ചറിയൽ കാർഡും കണക്ഷനെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശ രേഖയും മാത്രം ഹാജരാക്കി വൈദ്യുതി കണക്ഷനപേക്ഷിക്കാം. കെ എസ് ഇ ബി ഉദ്യോഗസ്ഥൻ പരിശോധന നടത്തുമ്പോൾ കണക്ഷൻ കാർഷികാവശ്യത്തിനാണെന്ന് ബോധ്യപ്പെടണം. സാധാരണ ജലസേചനത്തിനുള്ള കാർഷിക കണക്ഷനും, കന്നുകാലി ഫാമുകൾ, പൗൾട്രി ഫാമുകൾ തുടങ്ങിയവയ്ക്കുള്ള കാർഷിക കണക്ഷനും ഈ ഇളവ് ലഭിക്കും. മുയൽ, പന്നി ഫാമുകൾ, ഹാച്ചറികൾ, പട്ടുനൂൽപുഴു വളർത്തൽ കേന്ദ്രങ്ങൾ, പുഷ്പ, ടിഷ്യൂ കൾച്ചർ, സസ്യ, കൂൺ നഴ്സറികൾ, മത്സ്യ ഫാമുകൾ, ചീനവല, ക്ഷീര സഹകരണ സംഘങ്ങൾ, റബ്ബർ ഷീറ്റ് മെഷീൻ ഹൗസ് തുടങ്ങിയ കാർഷിക സംരംഭങ്ങൾക്ക് കണക്ഷൻ ലഭ്യമാണ്.

3. മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ 2024 ജൂൺ മാസം വിതരണം ചെയ്യുന്ന 46 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങൾക്കുള്ള ബുക്കിംങ്ങ് ആരംഭിച്ചതായി അസിസ്റ്റൻഡ് ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ പിടക്കുഞ്ഞുങ്ങളെ 25 രൂപയ്ക്കും, പൂവൻ കുഞ്ഞുങ്ങൾ 5 രൂപയ്ക്കും കോഴിവളം കിലോ 3 രൂപയ്ക്കും ലഭ്യമാണ്. ബുക്കിംങ്ങിനും അന്വേഷണങ്ങൾക്കും 04812373710, 8301897710 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "ജൈവ ജീവാണു വളങ്ങൾ" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മെയ് 2 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ മെയ് 1 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മെയ് 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

**പരിശീലന പരിപാടി**

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന് വളമിടുന്നതിൽ 2024 ഏപ്രിൽ 29 -ന് കോട്ടയത്ത്

എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടാം.

6. ഇന്ന് പത്താമുദയം, പരമ്പരാഗത കാർഷിക കലണ്ടറിലെ നടീൽ ദിനമാണ് പത്താമുദയം അഥവാ മേടപ്പത്ത് (മേടം പത്ത്). വിത്തു വിതയ്ക്കുന്നതിനും തൈകൾ നടുന്നതിനും അനുയോജ്യമായ ദിനം. പത്താമുദയത്തിനു പത്തുതൈ എങ്കിലും നടണമെന്നും തെങ്ങിൻ തൈയും വാഴക്കന്നും നട്ടു വെള്ളം കോരണമെന്നും പരമ്പരാഗത കൃഷിയറിവ്.

തെങ്ങ് - നല്ല സൂര്യപ്രകാശം ലഭിക്കുന്ന നീർവാർച്ചയുള്ള സ്ഥലമാണ് തെങ്ങിൻ തൈ നടാൻ തിരഞ്ഞെടുക്കേണ്ടത്. ചാണകപ്പൊടിയും ചാരവും വളമായി ഉപയോഗിക്കുകയും ഉറച്ച മണ്ണുള്ള പ്രദേശങ്ങളിൽ ഉപ്പ് ഇടുന്നതും മണ്ണിന് അയവ് വരാനും വേരോട്ടം സുഗമമാക്കാനും സഹായിക്കും.

വാഴ - 50 സെന്റീമീറ്റർ നീളവും ആഴവും വീതിയും ഉള്ള കുഴിയിലാണ് കന്നുകൾ നടേണ്ടത്.

ഇഞ്ചി- കിളച്ച് 25 സെന്റീമീറ്റർ ഉയരത്തിൽ തടം എടുക്കണം. തടത്തിൽ ചെറിയ കുഴികൾ എടുത്ത് ഇഞ്ചി നടണം. ചാണകപ്പൊടിയുടെ കൂടെ വേപ്പിൻ പിണ്ണാക്ക് മിശ്രിതം ഇട്ടാൽ കീടങ്ങളെ അകറ്റാം.

ചേന- 90 സെന്റീമീറ്റർ അകലത്തിൽ കുഴിയെടുത്ത് ചേന നടാം. കമ്പോസ്റ്റോ ചാണകപ്പൊടിയോ വളമായി ഉപയോഗിക്കാവുന്നതാണ്.

ചേമ്പ്- 40 സെന്റീമീറ്റർ ചതുരത്തിൽ 20 സെന്റീമീറ്റർ ആഴത്തിൽ കുഴിയെടുത്ത് കരിയിലയും ചാണകപ്പൊടിയും നിറച്ച് ചേമ്പ് നടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാച്ചിൽ കാച്ചിൽ നല്ല രൂപത്തിൽ വളരുന്നതിനു കുഴിയുടെ നടുക്കായി വാഴപ്പിണ്ടി നാട്ടി എല്ലുപൊടിയും ചാണകവും വേപ്പിൻ പിണ്ണാക്കും ചേർന്ന മിശ്രിതം ഇട്ട് കുഴിനിറച്ച് കാച്ചിൽ നടാവുന്നതാണ്.

മഞ്ഞൾ വിത്തു നട്ടശേഷം ഓരോ കുഴിയിലും ഉണങ്ങിയ ചാണകപ്പൊടി ഇട്ടുകൊടുക്കാവുന്നതാണ്.

കപ്പ കൂർക്ക മധുര കിഴങ്ങ് ചാലുകീറി ചവറു നിറച്ചു മൂടിയ ശേഷം ഇവയുടെ തണ്ടു മുറിച്ച് നടാം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം